ഉത്തരം

(എ) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പന്തളം ഗ്രാമപഞ്ചായത്ത് തരപ്പെടുത്തിത്തരാമെന്നേറ്റ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയായിട്ടില്ല.

(ബി & സി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 15 സെന്റ് ഭൂമി തികച്ചും അപര്യാപ്തമാണ്.

(ഡി) താല്കാലികമായി ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് പന്തളം ഗ്രാമപഞ്ചായത്ത് ഒരുക്കിത്തരാമെന്നേറ്റ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച്, ആവശ്യമായ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്കും ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

പാനൂരിൽ ഫയർ സ്റ്റേഷൻ

25 [826] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലയിലെ പാനൂർ കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ അത്യാവശ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാനൂർ കേന്ദ്രമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച പ്രവർത്തനങ്ങൾ എവിടം വരെ എത്തി എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരിട്ടി, പെരിങ്ങോം എന്നിവിടങ്ങളിൽ.

(സി & ഡി) പാനൂർ കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് കമാന്റന്റ് ജനറലിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

കാട്ടാക്കട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച്

26 [827] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച മുൻഗണനാ ലിസ്റ്റിൽ കാട്ടാക്കടയുടെ സ്ഥാനം എത്രയെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly